**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6666** **11-07-2024 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി പാഠ്യ പദ്ധതി പരിഷ്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ പ്രീപ്രൈമറി വിദ്യാഭ്യാസം മുതൽ ഹയർസെക്കൻഡറി വിദ്യാഭ്യാസം വരെയുള്ള പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ പുരോഗമിക്കുകയാണ്. പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിനായി സംസ്ഥാനത്തുടനീളം ജനകീയ-വിദ്യാർത്ഥി ചർച്ചകൾ സംഘടിപ്പിച്ചിരുന്നു. ചർച്ചകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് 26 മേഖലകളിൽ പൊസിഷൻ പേപ്പറുകൾ രൂപീകരിച്ചു. തുടർന്ന് 4 മേഖലകളിൽ പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ചു. പ്രീസ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം, അദ്ധ്യാപകരുടെ വിദ്യാഭ്യാസം എന്നീ മേഖലകളിൽ പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ആദ്യഘട്ടം പാഠപുസ്തകങ്ങൾ 1, 3, 5, 7, 9 ക്ലാസ്സുകളിൽ പരിഷ്കരിക്കുകയും ഈ അധ്യയനവർഷം തന്നെ വിദ്യാലയങ്ങളിലെത്തിക്കുകയും ചെയ്തു. പ്രീപ്രൈമറി, ഹയർസെക്കൻഡറി പാഠപുസ്തക പരിഷ്കരണ പ്രവർത്തനങ്ങളും ഈ വർഷം ആരംഭിക്കും. രക്ഷിതാക്കൾക്കായി 4 മേഖലകളിലുള്ള പുസ്തകം ഈ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി തയ്യാറാക്കും. |

സെക്ഷൻ ഓഫീസർ